വുമൺ ഹെൽപ്പ്ഡെസ്ക് എന്നിവ മുഖാന്തരം സ്ത്രീകൾക്ക് അവരുടെ പ്രശ്നങ്ങൾ നിർഭയമായി പറയുവാനും പരിഹരിക്കുവാനുമുള്ള അവസരമുണ്ട്. കൂടാതെ ഗാർഹികാതിക്രമങ്ങളിൽനിന്നും സ്ത്രീകളെ സംരക്ഷിക്കുന്നതിനുള്ള നിയമം 2005, സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗികാതിക്രമങ്ങൾ തടയുന്നതിനുള്ള 'നിർഭയ' എന്നീ പദ്ധതികൾ സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ഇല്ല.

(സി) ഇതിനായി പ്രത്യേക സെൽ രൂപീകരിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. പദ്ധതി ഇപ്പോൾ മികച്ച രീതിയിൽ നടപ്പിലാക്കിവരുന്നുണ്ട്.

അന്ധവിശ്വാസങ്ങൾമൂലമുള്ള ചൂഷണം തടയാൻ നിയമനിർമ്മാണം

24 (*474) ഡോ. ടി. എം. തോമസ് ഐസക് :

ശ്രീ. പുരുഷൻ കടലുണ്ടി :

ശ്രീ. സാജു പോൾ :

ശ്രീ. ആർ. രാജേഷ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്ധവിശ്വാസങ്ങളെ മുതലെടുക്കുന്നതുമൂലമുണ്ടാകുന്ന ചൂഷണം വർദ്ധിച്ച് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് നിയന്ത്രിക്കുന്നതിന് നിയമനിർമ്മാണം നടത്തേണ്ടതിന്റെ അനിവാര്യത മനസ്സിലാക്കിയിട്ടുണ്ടോ ;

(സി) നിയമനിർമ്മാണത്തിനായുള്ള കരട് ബില്ല് പരിഗണനയിലുണ്ടോ ; അടിയന്തരമായി നിയമനിർമ്മാണം നടത്താനും ചൂഷണം അവസാനിപ്പിക്കാനും നടപടി സ്വീകരിക്കുമോ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല):

(എ) ചൂഷണം വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) അന്ധവിശ്വാസങ്ങൾമൂലമുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിനായി പ്രത്യേക നിയമനിർമ്മാണം നടത്തേണ്ടത് ആവശ്യമാണ്.

(സി) ഉണ്ട്. അന്ധവിശ്വാസങ്ങളുടെ പേരിൽ നടന്നുവരുന്ന ചൂഷണങ്ങളും അതിക്രമങ്ങളും തടയുന്നതിനായി കേരളത്തിൽ നിലവിലുള്ള സാഹചര്യങ്ങൾ അനുസരിച്ച് ഒരു നിയമനിർമ്മാണം നടത്തുന്നതിലേക്കാവശ്യമായ സമഗ്രമായ ഒരു കരട് ബിൽ അടിയന്തരമായി ലഭ്യമാക്കാൻ സംസ്ഥാന പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത കരട് ബിൽ ലഭിക്കുന്ന മുറയ്ക്ക് നിയമനിർമ്മാണം നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly